6130571/2024

"ഭരണഭാഷ-
മാതൃഭാഷ"

**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എ) വകുപ്പ്**

നം.എ1/42/2024/ഐ. & പി. ആർ. തിരുവനന്തപുരം, തീയതി: 24-03-2024

<u>പരിപത്രം</u>

ബഹു.രാഷ്ട്രപതി, ബഹു.ഉപരാഷ്ട്രപതി, ബഹു.പ്രധാനമന്ത്രി തുടങ്ങിയവർ സംസ്ഥാനത്ത് സന്ദർശനം നടത്തുന്ന അവസരങ്ങളിൽ മീഡിയ കവറേജ്, മീഡിയ കോ-ഓർഡിനേഷൻ, ഡോക്യുമെന്റേഷൻ എന്നിവയ്ക്കായി ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ഡ്യൂട്ടിയ്ക്ക് നിയോഗിക്കുമ്പോൾ പാലിക്കേണ്ട പൊതുമാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1) ബഹു. രാഷ്ട്രപതി, ബഹു. ഉപരാഷ്ട്രപതി, ബഹു. പ്രധാനമന്ത്രി തുടങ്ങിയവ സംസ്ഥാനത്ത് സന്ദർശനം നടത്തുന്ന അവസരങ്ങളിൽ പരിപാടി നടക്കുന്ന സ്ഥലങ്ങളിൽ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിലെ ഇൻഫർമേഷൻ ഓഫീസർ/ അസിസ്റ്റന്റ് എഡിറ്റർ/ അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ തസ്തികയിലുള്ള ഉദ്യോഗസ്ഥന്റെ സാന്നിധ്യം ഉണ്ടാവേണ്ടതാണ്.

2) ഒരു ജില്ലയിൽ ഒന്നിലധികം കേന്ദ്രങ്ങളിൽ ഒരേ ദിവസം വിവിഐപി പ്രോഗ്രാമുകൾ വരുകയും എല്ലാ കേന്ദ്രങ്ങളിലേക്കും നിയോഗിക്കുന്നതിന് ഉദ്യോഗസ്ഥർ ഇല്ലാതിരിക്കുകയും ചെയ്യുന്ന പക്ഷം ഡ്യൂട്ടി നിർവഹിക്കുന്നതിനായി സമീപ ജില്ലകളിലെ അസിസ്റ്റന്റ് എഡിറ്റർ/അസിസ്റ്ററന്റ് ഇൻഫർമേഷൻ ഓഫീസർ എന്നിവരെ ഡ്യൂട്ടിക്കായി നിയോഗിക്കുന്നതിനുള്ള ക്രമീകരണം മേഖലാ ഡെപ്യൂട്ടി ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

3) പ്രിസം പദ്ധതിയിലുള്ളവർ/ദിവസവേതനക്കാർ/മറ്റു താൽക്കാലിക ജീവനക്കാർ തുടങ്ങിയവരെ പ്രധാനമന്ത്രി, രാഷ്ട്രപതി, ഉപരാഷ്ട്രപതി എന്നിവരുടെ സന്ദർശനവുമായി ബന്ധപ്പെട്ട ഡ്യൂട്ടികൾക്കു നിയോഗിക്കാതിരിക്കാൻ ബന്ധപ്പെട്ട ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർ/ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

4) ബഹു.രാഷ്ട്രപതി, ബഹു.ഉപരാഷ്ട്രപതി, ബഹു.പ്രധാനമന്ത്രി, ബഹു.ഗവർണർ എന്നിവർ പങ്കെടുക്കുന്ന സ്വകാര്യ പരിപാടികളാണെങ്കിൽ പോലും ബന്ധപ്പെട്ട അധികൃതരുടെ നിർദ്ദേശ പ്രകാരം ഡോക്യുമെന്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ

വകുപ്പിലെ ഓഫീസ് സെക്ഷൻ ഉൾപ്പെടെ എല്ലാ സെക്ഷനുകൾക്കും
എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും/ഇൻഫർമേഷൻ ഓഫീസർമാർക്കും
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ/പ്രസ്സ് റിലീസ്)
ഡയറക്ടറുടെ സി.എ-യ്ക്ക്

അഡീഷണൽ ഡയറക്ടറുടെ (ജനറൽ&അഡ്മിനിസ്ട്രേഷൻ/
ഇലക്ട്രോണിക് മീഡിയ ഡിവിഷൻ) സി.എക്ക്
ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Bindu Chandran R
Date: 25-03-2024 11:01:25

സെക്ഷൻ ഓഫീസർ